(ബി) പ്രസ്തുത റോഡിന്റെ ചെടിക്കുളം മുതൽ വീർപ്പാട് വരെയുള്ള ഭാഗം പഞ്ചായത്തു തന്നെ അഭിവൃദ്ധിപ്പെടുത്തൽ നടത്തിയതിനാൽ പൊതുമരാമത്ത് വകുപ്പ് റോഡ് ഏറ്റെടുക്കുന്ന പ്രൊപ്പോസലിൽ ടി ഭാഗം ഒഴിവാക്കി കഴിഞ്ഞു. 9.300 കിലോമീറ്റർ ഏറ്റെടുക്കണമെന്നാണ് പഞ്ചായത്ത് ആവശ്യപ്പെട്ടത്.

(സി) പഞ്ചായത്തു തീരുമാനം ലഭിച്ചാൽ ഈ ഭാഗം കൂടി ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

തൃശ്ശൂർ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിലെ സ്റ്റാഫ് കാർട്ടേഴ്സ് പണി

165 (3042) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിൽ എത്ര സ്റ്റാഫ് കാർട്ടേഴ്സ് പണി തീർത്തിട്ടുണ്ട് ;

(ബി) അവയെല്ലാം ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കാർട്ടേഴ്സ് ആവശ്യക്കാർക്ക് അനുവദിക്കുവാൻ കഴിയുമാറ് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 61 യൂണിറ്റിൽ 55 യൂണിറ്റ് പണിതിട്ടുണ്ട്.

(ബി) 55 യൂണിറ്റ് കൈമാറിയിട്ടുണ്ട്. ബാക്കി 6 യൂണിറ്റ് പണിതുകൊണ്ടിരിക്കുകയാണ്.

(സി) ആവശ്യമായ നടപടി സ്വീകരിക്കുവാൻ ആരോഗ്യവകുപ്പിന് നിർദ്ദേശം നൽകുന്നതാണ്.

റോഡുകളുടെ അറ്റകുറ്റപ്പണി

166 (3043) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ എന്തെല്ലാം സംവിധാനമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനു യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിനും ഉദ്ദേശം എന്ത് തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ആവശ്യമായ തുക മറ്റേതെങ്കിലും ഏജൻസിയിൽ നിന്നും സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly